
# MIRAGE

## KARIYAD NAMBIAR'S HIGHER SECONDARY SCHOOL

## E-MAGAZINE

## 2019-20


വിവേകാനന്ദന്റെ വാക്കുകൾ
ഉത്തിഷ്ഠത, ജാഗ്രത
"എഴുന്നേൽക്കു പ്രവർത്തിക്കു ലക്ഷ്യം
നേടും വരെ യത്നിക്കു".
"അടിമയെപ്പോലെയല്ല ജോലി ചെയ്യേണ്ട
ത്, യജമാനെപ്പോലെയാണ്. അവിരഹി-
തമായി ജോലി ചെയ്യുക, പക്ഷേ അടിമയുടെ ജോലിയാകരുത്."
"ചെന്നെത്തുന്നതെവിടെയെങ്കിലുമാകട്ടെ, സത്യത്തെതന്നെ
പിന്തുടരുക, ഭീരുത്വവും കപടവും ദൂരെകളയൂ."
"ഈ ലോകം ഭീരുക്കൾക്കുള്ളതല്ല , ഓടിയൊളിക്കാൻ
നോക്കേണ്ട , വിജയത്തിന്റെയും പരാജയത്തിന്റെയും കഥ
മറക്കൂ."
"വേദങ്ങളും ഖുർആനും ബൈബിളും സമഞ്ജസമായി
സമന്വയിച്ചിരിക്കുന്ന ഒരു ലോകമാണ് ഞാൻ വിഭാവനം
ചെയ്യുന്നത്."
"വിധവയുടെ കണ്ണുനീർ തുടയ്ക്കണം അനാഥന് ആഹാരം
കൊടുക്കാനും കഴിയാത്ത മതത്തിലും ഈശ്വരനിലും എനിക്ക്
വിശ്വാസമില്ല ."
"ധനവും പദവിയും അധികാരവുമല്ല ആവശ്യം , ഹൃദയ
ശുദ്ധിയാണ്."


യാത്രയ്ക്കിറങ്ങുന്ന
എല്ലാ പക്ഷികളും
മഴയത്ത് യാത്രനിർത്തി
അഭയം തേടും ,എന്നാൽ
പരുന്ത് മഴ മേഘങ്ങൾക്ക്
മുകളിൽ പറന്ന്
അതിനെ അതിജീവിക്കും..
അതായത്,ജീവിത
പ്രശ്നങ്ങളെല്ലാം ഒരേ
പോലാണ് പക്ഷേ അതിനെ
സമീപിക്കുന്ന രീതിയാണ്
വിജയികൾക്ക് വ്യത്യാസം..

# സന്ദേശം

നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കുട്ടികൾ വിവിധ പ്രവർത്തനങ്ങൾ ചെയ്യുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ കരിയാട് നമ്പ്യാർസ് എച്ച്. എസ്. എസ് ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും അതോടൊപ്പം ചേർന്ന് നല്ല പ്രവർത്തനങ്ങൾ ചെയ്യു വരുന്നു. അതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അവരെ നല്ല രീതിയിൽ പരിശീലിപ്പിക്കാൻ അദ്ധ്യാപകരും പ്രവർത്തിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ശ്രമഫലമായി മാഗസിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഈ പ്രവർത്തനം എല്ലാ കുട്ടികൾക്കും മാതൃകയാകട്ടെ എന്നും, ഇനിയും നല്ല പ്രവർത്തനം കാഴ്ചവെക്കാൻ സാധിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു. എല്ലാ വിധ ആശംസകളും നേരുന്നു.

എന്ന്,

സതിലക്ഷ്മി.കെ

**(H.M K.N.H.S.S)**



## ആശംസകളോടെ........

ലോകത്താകമനം സാങ്കേതികവിദ്യയുടെ സ്വാധീനം അനദിനം വർദ്ധിച്ച വരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ-രംഗത്ത് വിവര വിനിമയ സാങ്കേതിക വിദ്യയുടെ വലിയ മുന്നേറ്റമാണ് നടക്കുന്നത്. വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ രൂപകല്പന ചെയ്തിരി-ക്കുന്ന ഇ-മാഗസിൻ നമ്മുടെ കാലഘട്ടത്തിന്റെ മാറ്റത്തിന്റെ കൂടി ഉദാഹര-ണമാണ്. ഈ ഉദ്യമത്തിന് പരിശ്രമിച്ച എല്ലാവർക്കും എല്ലാവിധ ആശം-സകളും നേരുന്നു.

പ്രിൻസിപ്പൾ ഇൻ ചാർജ്

ധന്യ ടി വി



# Message....

It is quite heartening to know that "The Little Kites"IT club of our school is bringing out a magazine. I hope that the student community of our school will make the best use of this opportunity to bring their creative talents.

I congratulate on those who worked behind materializing a magazine of these kind. I sincerely wish that the Little Kites IT club of the school will come up with new ideas and technology to enrich the IT proficiency of the students. Now a days computers have become a part of our culture and it should be cultivated directly into the care of our children.


My best wishes for the success of the magazine.

with sincerely Muhammed Ismail
Kariyad



# സമർപ്പണം

1970 കളുടെ അവസാനത്തിൽ കാസർഗോഡ് തളിച്ച എൻഡോസൾഫാൻ കീടനാശിനിയുടെ ഇരകളായി,ഇന്നും ഒരു തലമുറ അവിടെ ജീവിക്കുന്ന,ഇപ്പോഴും ജനിക്കുന്ന കുട്ടികൾ തല വലുതായതും കാലുകൾ പിണഞ്ഞ് പോയതുമാണ്. ജീവിക്കാനുള്ള എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട് വൈകല്യമുള്ളവരും, രോഗികളുമായ നരകിക്കുന്നൊരു സമൂഹമായി, നമ്മോടൊപ്പം ഓടിച്ചാടി നടക്കേണ്ട, കഥകൾ പറഞ്ഞ്, കേട്ട് ആർത്തുല്ലസിക്കേണ്ട ബാല്യം ജീവിതകാലം മുഴുവൻ ശരീരം തളർന്നു കിടപ്പിലായി മരിക്കുന്ന പിഞ്ചു ബാല്യങ്ങൾക്ക് മുന്നിൽ ഈ മാഗസിൻ സമർപ്പിക്കട്ടെ..................





**പത്രാധിപ എഡിറ്റർ**

ചീഫ് എഡിറ്റർ : എച്ച്.എം സതീലക്ഷ്മി ടീച്ചർ

സ്റ്റാഫ് എഡിറ്റർ : അനൂപ് മാസ്റ്റർ(Kite Master)

സ്റ്റുഡന്റ് എഡിറ്റർ : നന്ദന.പി

**അംഗങ്ങൾ**

അനീഷ് മാസ്റ്റർ(SITC)

റജീന ടീച്ചർ(Kite Mistress)

അഭിനവ്.പി

നന്ദന.പി

മുഹമ്മദ് നബീൽ.കെ.വി

റന ഫാത്തിമ.പി

മാജിദ ഷിറിൻ.പി

ഫിദ കുഞ്ഞമ്മദ്

ഫാത്തിമ സൈനബ്ധീൻ

ശിവാനി.സി

സിയ.കെ



കൂട്ടുകാർക്ക്,

ലിറ്റിൽ കൈറ്റിന്റെ 2019-21 വർഷത്തെ ഡിജിറ്റൽ മാഗസിന്റെ പണിപ്പുരയിലാണ്.കഴിഞ്ഞ വർഷത്തെ ഓർമ്മകളിലേക്ക് തുറക്കുന്ന ചില കാഴ്ചകളാണിത്. വിവരവിനിമയ സാങ്കേതിക രംഗത്തെ ആകാശനീലിമതേടി പോയ ഒരു യാത്രയുടെ അവശേഷിപ്പുകളാണിവ.

ഒപ്പം.

കലാലയത്തിലെ വേറിട്ട കാഴ്ചകൾ, ഞങ്ങളുടെ പ്രതിഭകളുടെ സൃഷ്ടികൾ, പ്രതീക്ഷകൾ അസ്തമിക്കാത്ത നന്മയുടെ ഇത്തിരിവെട്ടം കാണാവുന്ന ചിന്താധാരകൾ സൗഹൃദത്തിന്റെ കാഴ്ചകൾ.

അവകാശവാദങ്ങളൊന്നും ഇല്ല. ഒരു സൃഷ്ടിയുടെ ബാക്കി വെച്ച നന്മയുടെ ഇത്തിരിവെട്ടം കെടാതെ സൂക്ഷിക്കാൻ ആത്മാർത്ഥമായി പ്രതിജ്ഞാ സന്ധരായ ഒരു കൂട്ടം വിദ്യാർത്ഥികൾക്ക് വേണ്ടി സവിനയം സമർപ്പിക്കട്ടെ.

സ്നേഹപൂർവ്വം

എഡിറ്റർ

നന്ദന.പി

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

1.നന്ദന.പി
2.സിയ.കെ
3.ഫിദ കുഞ്ഞമ്മദ്
4.റിഫ നസ്റിൻ.കെ.പി
5.മസ്ന ഷെറിൻ.കെ.കെ
6.ഷാന ഷെറിൻ.എ
7.ആദിത്യൻ.എം
8.മാജിദ ഷിറിൻ.പി
9.റന ഫാത്തിമ.പി
10.ഷാൻ കൃഷ്ണ.പി
11.സിയ.കെ
12.അമൃത.പി
13.ശിവാനി.സി
14.നിഹ ഫാത്തിമ മുനീർ
15.മുഹമ്മദ് ഹഫീസ്.കെ
16.റന ഫാത്തിമ.എം.കെ
17.സായന്ത്.വി
18.ആസിയ സുറൂർ.ഇ
19.വൈഷ്ണവ്.കെ
20.മുഹമ്മദ് നിയാസ്
21.ഫാത്തിമ.പി
22.അഭിനവ്.പി
23.മുഹമ്മദ് നബീൽ
24.ഫാത്തിമ ഫിദ
25.നിദ ഫാത്തിമ
26.മുഹമ്മദ് ഷെഫിൻ
27.അക്ഷയ രാജേഷ്

# Kite master's note



ലിറ്റിൽ കൈറ്റിന്റെ പ്രാരംഭത്തിൽ തന്നെ ഒരു ഡിജിറ്റൽ മാഗസിൻ എന്ന കാഴ്ച്ചപ്പാട് അൽഭുതത്തോടെയാണ് നോക്കിക്ക
ണ്ടത്. ഒരു മാഗസിന്റെ എല്ലാ നന്മയും, ഗുണവും ഉണ്ടാവുമോ എന്ന സംശയം പക്ഷേ കഴിഞ്ഞ വർഷത്തെ മാഗസിനുകളിലൂടെ കടന്ന് പോയപ്പോൾ സംശയം അസ്ഥാനത്താണെന്ന് ബോധ്യപ്പെട്ടു.

ഈ കലാലയത്തിലെ ഓരോ വിദ്യാർത്ഥിയുടെയും സൃഷ്ടികൾ മനസ്സിന്റെ അടിത്തട്ടിൽ നിന്നുള്ള അനുഭവങ്ങളും അവരുടെ കാഴ്ച്ചപ്പാടുകളാണ്. കൂടാതെ ചാരുതയാർന്ന ശൈലിയുടെ പങ്കുവെയ്ക്കലുമാണ്.

നിരാശജനകമായ ജീവിതാനുഭവങ്ങളിൽ നിന്ന് മോചനം നേടാൻ മദ്യവും മയക്കുമരുന്നുകളും ഉപാധിയാക്കിക്കൊണ്ടിരിക്കുന്ന ബുദ്ധിശൂന്യമായ ഒരു തലമുറയിൽ,നഷ്ടപ്പെട്ടു പോകാതെ അവശേഷിക്കുന്ന നന്മയുടെ ബാക്കി പത്രമാണ് ഇത്തരം മാഗസിനുകൾ. കൂടാതെ അവർ കാണു ന്നസുന്ദരമായ ലോകത്തിലേക്കുള്ള സ്വപ്നങ്ങൾ നിറം നൽകുന്നു എന്ന് പ്രതീക്ഷിക്കാം.

ഇത്തരം ഒരു മാഗസിന്റെ പ്രവർത്തനങ്ങൾക്ക് ചേർന്നവർക്കെല്ലാം ആശംസകൾ നേർന്നു കൊണ്ട്

സ്നേഹപൂർവ്വം

അനൂപ്കുമാർ .എം

KNHSS

## അകത്താളുകളിൽ


പേജ് 5: എച്ച്.എമ്മിന്റെ സന്ദേശം

പേജ് 6: പ്രിൻസിപ്പിളിന്റെ ആശംസ

പേജ് 7: പി.ടി.എ പ്രസിഡന്റിന്റെ സന്ദേശം

പേജ് 8: എഡിറ്ററുടെ റിപോർട്ട്

പേജ് 9: കൈറ്റ് മാസ്റ്ററുടെ റിപോർട്ട്

പേജ് 10: അക്കാദമിക് പ്രവർത്തനങ്ങൾ

പേജ് 12: കലാലയ കാഴ്ചകളിലൂടെ

പേജ് 13: കവിത

പേജ് 14: കവിത ഇംഗ്ലീഷ്

പേജ് 15: കവിത

പേജ് 16: കവിത

പേജ് 17: കവിത

പേജ് 18: സുഭാഷിതം

പേജ് 19: യോഗ ഫോർ ഇന്ത്യ

പേജ് 21: കവിത ഇംഗ്ലീഷ്

പേജ് 22: ലേഖനം

പേജ് 23: ലേഖനം

പേജ് 24: കഥ

പേജ് 25: കഥ

6.6.19: പ്രവേശനോത്സവം

ജൂൺ 5: പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട വൃക്ഷ തൈകൾ നട്ടു.

ജൂൺ 17: കാർട്ടൂൺ രചന, ചിത്രരചന(ലഹരി വിരുദ്ധ ദിനം)

ജൂൺ 18: ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്.

ജൂൺ 19: വായനാദിനം വാർത്താ വായന ആരംഭിച്ചു.

(വായന മത്സരം, ക്വിസ്സ്)

ജൂൺ 21:യോഗാദിനം

ജൂൺ 26:ലഹരിവിരുദ്ധ ഡോക്കിമെന്ററി പ്രദർശിപ്പിച്ചു.

ജൂൺ 27:എസ്.എസ്.എൽ.സി ഫുൾ A+എന്റോൺമെന്റ്

ജൂലൈ 1:ശാസ്ത്രവാരം ആരംഭം.

ശാസ്ത്രരംഗം രൂപീകരണം.

ആഗസ്റ്റ്6: ലിറ്റിൽ കൈറ്റ്സ് രക്ഷിതാക്കളുടെ യോഗം.

ആഗസ്റ്റ്16: പ്രളയകെടുതി സഹായം.

സെപ്റ്റംബർ 5:അധ്യാപകദിനം.

സെപ്റ്റംബർ7:ഭിന്നശേഷിക്കാരുടെ വീടുകൾ സന്ദർശിച്ചു.

സെപ്റ്റബർ 25:സ്കൂൾ പാർലിമെന്റ് എലക്ഷൻ.

സെപ്റ്റബർ 26:നെൽകൃഷി അരംഭം.

സെപ്റ്റംബർ27:സ്കൂൾ കലാമേള.

ഒക്ടോബർ 11:സ്കൂൾ സ്പോട്സ്.

ഒക്ടോബർ 19:സബ് ജില്ല ശാസ്ത്രമേള.

ഒക്ടോബർ 28:സബ് ജില്ല സ്പോട്സ്.

നവംബർ 4:സബ് ജില്ല കലോത്സവം.

നവംബർ 9:ധനുഷ് കെ.കെ ജില്ല സ്പോട്സിൽ ബ്രോൺസ് മെഡൽ നേടി.

നവംബർ 14:വിദ്യാലയം പ്രതിഭകളോടൊപ്പം പരിപാടി.

നവംബർ 17:എൻ.എം.എം.എസ് പരീക്ഷ.

നവംബർ 25:സ്കൂൾ പഠനയാത്ര.

ഡിസംബർ 30:ശാസ്ത്രരംഗം സാമൂഹ്യശാസ്ത്ര വിഭാഗത്തിൽ സൂര്യനന്ദ സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടി.

ജനവരി 1:കണ്ണ് പരിശോധന ക്യാമ്പ്.

ജനവരി7:രക്ഷാകർത്ത സംഗമം.

ജനവരി17:സ്പെഷ്യൽ പി.ടി.എ സൈബർ ക്ലാസ്സ്.






ശാസ്ത്രരംഗം സാമൂഹ്യസാസ്ത്ര വിഭാഗത്തിൽ
സംസ്ഥാനത്തിലേക്ക് യോഗ്യത നേടിയ സൂര്യനന്ദ

ലഹരിക്കെതിരെ കെ .എൻ. എച്ച്.എസ്. എസ്സും















Rotary
TELLICHERRY
2020-1-1 14:43


Rotary









# *RYTHEM OF RAIN*

AT THE DARK NIGHT
SHE FELT FATIGUE
SHE STOOD AT COURTYARD
SHE LISTENED THE RYTHEM OF DROPS;

THE THUNDER SHOOK HER
THE LIGHTNING TRY SCARE HER
BUT SHE STOOD AT SAME PLACE
SHE DON'T LISTENED THEM .

SHE GET MELTED AT THE RYTHEM
AND DARKNESS MAKE HER HAPPY
AT THE NIGHT SHE SLEEPED AS A NEW ONE;
WHO CAN LOVE DARKNESS BUT CAN'T THE
LONELYNESS.

_FATHIMA SAINUDHEEN



# THAT DAY



THE DAY WAS QUITE
SUDDENLY DARK SKY APPEARED
THUNDER SHOOK THE LAND
BUT NO ONE SCARED

A STRONG WIND FROM NEAR
TRAVELLED TO FAR;
IT TAKE THE SAND AS IT'S COMPANION;
THIS TIME SOME OF THEM SCARED.

LIGHTING REACHED THE GROUND
WITH THE BLOOM BLAST
TREE'S GET BURNED
EVERYONE SCARED WITH LOUD CRY;

THAT DAY EVERYONE REALIZED
THE THINGS THEY DONE BEFORE;
THE NATURE REACTED TO THEM.

**FATHIMA SAINUDHEEN**
**IX-C**

# Mother A Candle

**Muhammed Nabeel A.V**
IX-C



She is a candle Light
Glows from day to night
She removes darkness around us
Hoping our goodness
We grow tall, day by day
But she is the one who go small.
If darkness came, we scary
She is there, so no need to worry
She is the one who burn herself
And allow us to shine

If you want her to glow
Then you have to protect her
From blow
She is the symbol of sacrifice,
That is above any price
She gives lives best lessons
That every man should listen.
A strong wind toppled her to
The grave yard
When no is around
Breaking her to pieces that
Vanishes her light.
And there she lay lifeless
In the cold night.

# HELEN

HELEN STARTED AT MORNING
FROM HOUSE TO SCHOOL
SHE TOUCH THE SMILING FLOWERS
AND SHE GOES
ROUND AND ROUND



SHE TALK TO THE SHEEP'S
WHICH WERE EATING GRASSES;
AND THEY GIVE A SIMPLE SMILE;
AND SHE GOES
ROUND AND ROUND.

SHE MAKE AN ENQUIRY AT
NEIGHBOURHOOD AUNTY
THEY SMILED WITH RESPONSIBILITIES
AND SHE GOES ROUND AND ROUND.

AT LAST SHE REACHED AT BUS STOP;
THE BUS CAME
WHILE ENTERING THE BUS
DRIVER SMILED AT HER
AND SHE GOES;
ROUND AND ROUND.

RANA FATHIMA.M.K

# അമ്മ = സ്നേഹം



അറിവേകുമമ്മയ്ക്ക ചാർത്താൻ

സ്നേഹപ്പൂമാലയൊന്നു കൊരുത്തു .

അലിവേകുമമ്മ ചിരിച്ചു .

പിന്നെ നെഞ്ചോടു ചേർത്തു മൊഴിഞ്ഞു .

സ്നേഹംതന്നാനന്ദമാർക്കും

കൈ പിടിച്ചെന്നെ നടത്തി അമ്മ -

കൈത്താങ്ങു നല്കി വളർത്തി -

ജ്ഞാനത്തിൻ ചക്ഷുസ്സ മേകി

ലോക പ്രകാശത്തെ കാട്ടി -

തിന്മയെ തവികൊണ്ടു തട്ടി

നന്മതൻ അന്നം പകർന്നു .

നിത്യം വിളങ്ങുന്ന ദേവി -

സത്യമായെന്നുമെൻ മുന്നിൽ .

മുരളി മാസ്റ്റർ .

# അലച്ചിൽ



കവിതയെഴുതാൻ വിഷയമന്വേഷിച്ചലഞ്ഞു
ഒന്നും തെളിയുന്നില്ല.
ചുറ്റും കോലാഹലങ്ങൾ മാത്രം
ഞാൻ കാത്തിരിന്നു എൻ
കൊച്ചു കവിതകൾക്കായ്
എൻ മുന്നലെ കടലാസിലെ
അക്ഷരങ്ങൾക്കായ് കാത്തിരുന്നു.
പേന നീട്ടി വരച്ചെഴുതാൻ
കാത്തിരുന്നു.
മനസ്സിലെവാക്കുകൾ മറവി -
പിടിപെട്ടുവോ....?
കണ്ണീർ കുടിച്ച് വറ്റിച്ച ജീവിതങ്ങൾ
പാതിവരച്ച ചിത്രം ബാക്കിയായി
സ്വർഗവും നരഗവും തേടിപ്പോയവർ
മിഴിയോരങ്ങൾക്ക് കണ്ണീരു നൽകിയും
മുഖത്തിന് പുഞ്ചിരി നൽകിയും
ജീവികുന്ന മുഖങ്ങൾക്ക്
മുന്നിലിരിക്കുന്ന കടലാസുകളെ വരകളും
കുത്തുകളും കീഴടക്കിയത് കണ്ടു
എങ്ങിലും താൻ താണ്ടി വന്ന
അലച്ചിൽ ആവാഹിച്ചെഴുതി.

നിദ ഫാത്തിമ
IX -C

<u>സുഭാഷിതം</u>

**ഈർഷ്യാ ഭയ ക്രോധ സമന്വിതേന**

**ലുബ്ധേന രുഗ് ദൈന്യ നിപീഡിതേന I**

**വിദ്വേഷ യുക്തേന ച സേവ്യമാനം**

**അന്നം ന സമ്യക് പരിപാകമേതി II**

അസൂയ, ഭയം, അമർഷം, പിശുക്ക്, രോഗാവസ്ഥ, ദൈന്യത, പ്രതികാര ചിന്ത ഈ അവസ്ഥകളിൽ കഴിക്കുന്ന ഭക്ഷണം ശരിയായി ദഹിക്കുകയില്ല. ആയതിനാൽ മേൽ പറഞ്ഞ അവസ്ഥകളിൽ ആഹാരം കഴിക്കാതിരിക്കൽ ആണ് ഉചിതം...

( ചരകസംഹിതാ )

**Arjun Kurungottu**





# യോഗ ഫോർ ഓൾ

2014 ഡസംബർ 17 ന് നടന്ന ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി അന്താരാഷ്ട്ര യോഗാദിനം ലോകമെമ്പാടും ആചരിക്കാൻ തീരുമാനിച്ചു.പകലിന് ഏറ്റവും ദൈർഗ്യമുള്ള ദിവസമായ ജൂൺ21 ആണ് അന്താരാഷ് ട്രയോഗാദിനമായി ആചരിക്കുന്നത്.

ജീവിതശൈലി രോഗങ്ങളും പിരിമുറുക്കവും വർദ്ധിക്കുന്ന ആധുനിക ജീവിതത്തിൽ യോഗയുടെ പ്രാധാന്യം ഏറയാണ്. യോഗ അഭ്യസിക്കുന്നതിലൂടെ മാനസിക-ശാരീരിക സൗഖ്യം പ്രാപ്തമാവുകയും അതിന്റെ ഫലമായ രോഗവുപ്രദിരോധവും രോഗ നിവാർണവും സാധ്യമാകുന്നു.

ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി-യുടെ നേതൃത്വത്തിൽ ആരോഗ്യ കായികവിദ്യാഭ്യാസത്തിന്റെ ഭാഗമായി യോഗാപഠനം രാജ്യത്തെ മുഴുവൻ സ്കൂളിലും വ്യാപിച്ചി-രിക്കുന്നു. "യോഗ ഒളിമ്പ്യാഡിന്റെ " ഭാഗമായി ഓരോ സംസ്ഥാ-നത്തുനിന്നു തിരെഞ്ഞെടുക്കപ്പെടുന്ന പ്രഗത്ഭരായ കുട്ടികളെ ദേ-ശീയ  തലത്തിൽ പങ്കെടിപ്പിക്കുന്നു. ഈ മത്സരങ്ങൾ അന്താരാഷ്ട്ര യോഗ ദിനാചരണത്തിലാണ് സംഘടിപ്പിക്കുന്നത്.(ജൂൺ 21)

യോഗ നിത്യജീവിതത്തിന്റെ ഭാഗമാകണം. പ്രായഭേ-തമില്ലാതെ സ്ത്രീകൾക്കും കുട്ടികൾക്കും ഒരു പോലെ പരിശീലി-ക്കാവുന്ന ജീവിതചര്യയാണ് യോഗ. സാധാരണ ചെയ്തു വരാറുള്ള-തുപോലുള്ള ശാരീരികാധ്വാനം ഏറെ ആവശ്യമായ ഒരു വ്യായാ-

മുറയല്ലിത്, അത് കൊണ്ട് തന്നെ ശരീരവും, മനസ്സും ഏകാഗ്രമാകാനുള്ള കഴിവ് വളരെ പ്രധാനമാണ്. നിരന്തരമായ പരിശ്രമവും ക്ഷമയും യോഗ ചെയ്യാൻ അത്യന്താപേക്ഷികമാണ്.സാധാരണ നിലയിൽ പത്ത് വയസ്സിനു ശേഷം ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും യോഗപരിശീലിക്കാവുന്നതാണ്. കുട്ടികളിൽ ശരീര വളർച്ചയും വ്യക്തിത്വ വികസനവുമെക്കെ നടക്കുന്നത് ഈ കാലഘട്ടത്തിലായതിനാൽ യോഗ പരിശീലനം ആരംഭിക്കാൻ ഉചിതമായ സമയവും ഇത് തന്നെയാണ്.

ശരീരം ബലപ്പെടുത്താനും വഴക്കമുള്ളതാക്കാനും മാത്രമുള്ള ഒരു പ്രക്രീയയല്ല യോഗ, മറിച്ച് ശരീരത്തെയും മനസ്സിനെയും പരസ്പരം എകോപിപ്പിക്കുക എന്നത് കൂടി യോഗയിലൂടെ സാധ്യമാണ്. ശരീരത്തിന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതോടൊപ്പം ശ്വസനവ്യവസ്ഥ സന്തുലിതമാക്കാനും മനസ്സിനെ നിയന്ത്രണ വിധേയമാക്കാനും യോഗയിലൂടെ കഴിയും.

യോഗയെന്നാൽ ശരീരം,മനസ്സ്,പ്രകൃതി എന്നീ മൂന്ന് കാര്യങ്ങളെ സംയോജിപ്പിക്കലാണ്. ഇന്ന് യോഗയ്ക്ക് പല അർഥങ്ങളുണ്ട്. ഏകാഗ്രതയ്ക്ക്,സന്തോഷത്തിന്,സമാധാനത്തിന്,ശരീര സൗന്ദര്യത്തിന്,വിജയത്തിന്,ആരോഗ്യത്തിന്,ചെറുപ്പമായിരിക്കാൻ, എല്ലാറ്റിനും യോഗയിൽ പരിഹാരം ഉണ്ട്.

നമ്മുടെ വിദ്യാലയത്തിലും,മുഴുവൻ കുട്ടികളും പാഠഭാഗത്ത് നിർദ്ദേശിച്ചിട്ടുള്ള എല്ലാ യോഗാസനങ്ങളും പരിശീലിച്ച് വരുന്നു.

ഉദയൻ മാസ്റ്റർ

# പൊൻ ചിറക് വിശി എങ്ങു നീ

ചിറകുകളാൽ ഇല പൊഴിച്ച നിൻ
തേന്നൂറും ചുണ്ടിൽ ചുംബിച്ച ഞാൻ
തുമ്പികളെ മാടി വിളിച്ച നിൻ
മേനി തളിർക്കുന്നില്ലയോ.
കാർമേഘങ്ങൾ വരുത്തി വെക്കും നിൻ
മേനി തണപ്പുണങ്ങിയോ
പൂക്കൾക്കിടയിൽ നിന്ന് പൂമ്പൊടിവിശിനിൻ
വർണ്ണ ചിറക് തളർക്കുന്നില്ലയോ
പൂങ്കാറ്റു വിശി നിൻ
മേനി വേദനിക്കുന്നുവോ...?
പൂക്കളെയും പൂമ്പാറ്റകളെയും മാടി വിളിച്ച നിൻ
പൊൻ ചിറക് വേദനിക്കുന്നില്ലയോ...?
വണ്ടിനെയും തുമ്പികളെയും മാടി വിളിച്ച നിൻ
കൈകൾ തളർന്നു പോവില്ലയോ
പോവില്ലയോ....?

ഫിദ കുഞ്ഞമ്മദ്
IX -B



# പുനർജ്ജനിയിലൂടെ

ഇനി ഊറിയെടുക്കാനായി
എന്റെ കൈയ്യിൽ മണലില്ല
പുഴ കൈമലർത്തി,
വിൽക്കാനായി ഇനി സ്വപ്നങ്ങൾ പോലും
അവശേഷിക്കുന്നില്ല
എന്തു ചെയ്യും?
വാഴ വിറ്റാലോ?
അതിനിവിടെ ശുദ്ധ വാഴ ഇല്ലല്ലോ.....
പിന്നെ എന്തു വിൽക്കും?
മഴയായാലോ?
അതെ കോളകമ്പിനികൾക്ക്
പാട്ടം കൊടുക്കാം
പാട്ടകാരൻ വന്ന് മഴ മേഘങ്ങൾ
മുഴവൻ ചുമന്ന് കൊണ്ട് പോയി
ശൂന്യമായ വിണ്ണ് നോക്കി നെടു-
വീർപ്പിട്ട കർഷകന്റെ തോളിൽ തട്ടി
അവർ പറഞ്ഞു
ഒക്കെ നമുക്ക് ഇറക്കുമതി ചെയ്യാം
പിന്നെ നൽകാൻ
നിന്റെ വിയർപ്പും കണ്ണീരും
എന്നിട്ടും എന്റെ പ്രശ്നം ബാക്കി.........
നാളെ എന്തു ചെയ്യും?



FIDHA K.M

# ***MOTHER NATURE***

My mother nature
how beautiful you.
Nature is our life
Nature is our heart
Nature is our best friend
All are you
My beautiful Nature.

Nature is like a greenworld
We get fresh air from the
nature and
We get sweet smell from
the nature
All are giving you
My beautiful Nature
My beautiful Mother nature

MASNA SHERIN
IX C



# മൊബൈൽ ഫോൺ:ഒരേ സമയം

# ശത്രുവും മിത്രവും

മൊബൈൽ ഫോണിന്റെ ദുരുപയോഗങ്ങൾ പെരുകി വരുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു വിഷയം ഏറെ പ്രസക്തിയാർജിക്കു-ന്നുണ്ട്.മൊബൈൽ ഒരുപാട് ഉപകാരങ്ങൾ ചെയ്തു തരുന്നെങ്കിലും അതു-കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ വളരെ വലുതാണ്.നല്ല കാര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുകയാണെങ്കിൽ ഇത്രയും ഉപകരിക്കുന്ന വസ്തു ഭൂലോ

കത്ത് വേറെ ഉണ്ടാവില്ല. എന്നാൽ ഇത് ദുരുപയോഗം

ചെയ്യുകയാമെങ്കി-

ൽ അതിന്റെ ഫലങ്ങൾ അനുഭവിച്ചാലൊടുങ്ങാത്തതായിരിക്കും.

സാങ്കേതിക വിദ്യ ഏറെ വികാസം പ്രാപിച്ച ഈ

കാലഘട്ടത്തി

ൽ ഒരു മൊബൈൽ ഫോൺ മതി, നാം വിചാരിക്കുന്നത് നമ്മുടെ കാൽ ച്ച

വട്ടിലെത്താൻ മൊബൈലിന്റെ ഗുണങ്ങൾ പറഞ്ഞാലൊടുങ്ങാത്തത്രയും

ആണ്.നമുക്ക് എന്ത് ആവശ്യമുണ്ടെങ്കിലും മൊബൈൽ

നിറവേറ്റിത്തരും.

എന്തിനു പറയുന്നു, കഴിക്കാനുള്ള ഭക്ഷണമാണെങ്കിൽപോലും

മൊബൈ- ൽ ഫോണിലെ ഒരു ക്ലിക്കിലൂടെ നമ്മുടെ വീട്ടിലെത്തും. ചുരുക്കത്തിൽ മൊബൈൽ ഫോൺ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ് എന്നുതന്നെ

പറയാം. ഈ കാലഘട്ടത്തിൽ മൊബൈൽ ഇല്ലാതെ ജീവിക്കാക

എന്ന-

ത് ഏറെ പ്രയാസകരമാണ്.

അടിമകളായിരിക്കുകയാണ്. തുടർച്ചയായി ഒരുപാട് നേരം മൊബൈൽ ഫോണിൽ നോക്കുകയാണെങ്കിൽ അത് നമ്മുടെ കണ്ണിനപ്രതികൂലമായി ബാധിക്കും.ക്രമേണ കാഴ്ച നഷ്ടപ്പെടാൻ വരെ ഇത് ഇടയാക്കും. കൂടാതെ ഇത് കഴുത്ത് വേദന പോലുള്ള രോഗങ്ങൾക്കും കാരണമാകും. ഇങ്ങനെ മൊബൈൽഫോണിന്റെ ദോഷങ്ങൾ ഒട്ടനവധിയാണ്.

നല്ല കാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചാൽ ഇത്തരമൊരുപകാരി വേറയില്ല. മറിച്ചാണെങ്കിൽ ഇത്തരമൊരു ദോഷകാരിയും ഇല്ല.

നാളെയുടെ വെളിച്ചമാകേണ്ടവരാണ നമ്മൾ. അല്ലാതെ മൊബൈൽ ഫോണിന്റെ പതിക്കുഴിയിൽപ്പെട്ടുപോകേണ്ടവരല്ല. മൊബൈൽ ഫോൺ നല്ലകാര്യങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിക്കുക

സാനിയ .ആർ

IX-B



## അരയോളം വെള്ളത്തിൽ

പ്രകൃതികൊണ്ട് ഏറ്റവും അനുഗ്രഹീതമെന്ന് നമ്മൾ അഹങ്ക-രിച്ചിരുന്ന നമ്മുടെ നാടിനെ പ്രകൃതിതന്നെ വേട്ടയാടിയിരുന്ന ദിവസങ്ങളാണ് കഴിഞ്ഞു പോയിരുന്നത്. ആരും പ്രതീക്ഷിക്കാ-ത്ത എല്ലാവരെയും ദു:ഖത്തിലേക്ക് നയിച്ച ആനിമിഷം. കണ്ണടച്ചു-ഉറക്കം മുൻപേ കാലങ്ങളോളം പരിശ്രമച്ചു പടുഉയർത്തിയ പ്ര-തീക്ഷകൾ പ്രളയത്തിൽ ഒലിച്ചു തുടങ്ങി. പ്രളയത്തെ അതിജീവി-ക്കാൻ വേണ്ടി ജാതി ഭേതമില്ലാതെ എല്ലാവരും ഒറ്റകെട്ടായി നിന്നു. പുഴയേതെന്നും കരയേതെന്നും തിരിച്ചറിയാൻ കഴിയാത്ത ഒരു ഭീകരമായ അവസ്ഥയായിരുന്നു കഴിഞ്ഞു പേയ ദിവസങ്ങൾ നമ്മൾ കണ്ടത്. ദുരന്തം കഴിഞ്ഞപ്പോൾ നമ്മുക്ക് ദു:ഖകരമായ പല കാര്യങ്ങളും നടന്നിരുന്നു. പുലർച്ചയോളം ഉണർന്നിരുന്ന ആ നിമിഷങ്ങൾ ഉറങ്ങാൻ കഴിയാത്ത എത്ര എത്ര രാത്രികൾ കഴിഞ്ഞു പോയി.

അശ്ന.കെ.വികെ

IX-A

# ഹരിതാഭ മല്ലാതാകുന്ന പ്രകൃതി

ദിനം തോറും പ്രകൃതിയുടെ സൗന്ദര്യം ഇല്ലാതാവുകയാണ്. കാരണമെന്താണ് ? ഈചോദ്യത്തിന്റെ ഉത്തരം നിസ്സാരമാണ് നാം മനുഷ്യൻ തന്നെ. പ്രകൃതിക്കുമേൽ മനുഷ്യന്റെ കടന്നു കയറ്റമാണ് പാരിസ്ഥിക പ്രശ്നങ്ങൾ കാരണമാവുന്നത്. ഓസ്ട്രേലിയ എന്ന് കേൾക്കുമ്പോൾ ത്തന്നെ കാട്ടുമക്കളെ ഓർമ്മവരുന്നു. എരിയുന്ന ഓസ്ട്രേലിയ പ്രധാന ചർച്ചാവിഷയമാണ്. ആമസോണും അഗ്നിക്കിരയായിട്ടുണ്ട്. അതിവേഗം പടർപിടിക്കുന്ന അഗ്നി ഭൂമിയെ വിഴുങ്ങുകയാണ്. കാനന സൗന്ദര്യങ്ങളും പച്ച പുൽമേടുകളും വരും തല മുറയ്ക്ക് പറഞ്ഞു കൊടുക്കാനുള്ള കഥ മാത്രമായി ചുരുങ്ങുകയാണ്. കുറയുന്ന ജൈവ സമ്പത്തും പ്രകൃതിയെ ചൂഷണം ചെയ്യുകയാണ്. ഒരു മരം വെട്ടുന്നിടത്ത് പകരം രണ്ട് മരം വച്ചുപിടിപ്പിക്കണമെന്ന് ആശയത്തിന്റെ പ്രസക്തി വർദ്ധിച്ചു വരുന്നു.
അന്തരീക്ഷത്തിലെ
കാർബൺ ഡൈ ഓകാസൈഡിന്റെ വർദ്ധനവ് പ്രകൃതിക്ക് വിനയാകുന്നതിന്റെ കാരണമെന്താണ് ? എങ്ങനെ പ്രകൃതിയെ സംരക്ഷിക്കാം ?
എന്നൊന്നും ചിന്തിക്കാൻ പോലും സമയമില്ലാത്ത മനുഷ്യന്റെ ജൈത്രയാത്ര എങ്ങോട്ടാണ് ?

അഷ്ന കെ.വി കെ

IX-B

# മര്യാദ

ഒരിക്കൽ ഒരു പൂച്ച ഒരു കുരുവിയെ പിടികൂടി. പൂച്ചയുടെ വായിൽ വെള്ളം ഊറി.പൂച്ച  പറഞ്ഞു:ഹ!ഹ! ഇന്ന് നീയാണെന്റെ പ്രാതൽ! കുരുവി ഒരു സൂത്രക്കാരനായിരുന്നു. കുരുവി പറഞ്ഞു :ഹാവൂ എന്തൊരു തേജസ്സുള്ള മുഖം. താങ്കളുടെ കൈകൊണ്ട് മരിക്കുന്നത് ഭാഗ്യം തന്നെ. പൂച്ച കുരുവിയെ തിന്നാനൊരുങ്ങി. കുരുവി സൂത്രം തുടങ്ങി. ഛെ ഛെ നിങ്ങൾ എന്താണി ചെയ്യുന്നത്. എന്തു പറ്റി? മാന്യൻ മര്യാദയോടെയേ ഭക്ഷണം കഴിക്കാവൂ ഇങ്ങനെ തിരക്ക് കൂട്ടരുത്. ഭക്ഷണം കഴിക്കാൻ മര്യാദയോ എന്താണത്. പൂച്ച ഉറക്കെ ചോദിച്ചു. കുരുവി ഒരു കള്ളം പറഞ്ഞു: ഭക്ഷണത്തിനു മുൻപ് മുഖവും കൈകളും കഴുകി വൃത്തിയാക്കണം അങ്ങനെയാണ് കൊട്ടാരത്തിലെ പൂച്ചകൾ ചെയ്യാറ് . ശെടാ ഇത്രേയുള്ളൂ എങ്കിൽ അങ്ങനെയാവട്ടെ എന്നു പറഞ്ഞ് അടുത്തുള്ള പുഴയുടെ വക്കത്ത് പോയി കഴുകി വൃത്തിയാക്കാൻ തുടങ്ങി. ഈ നേരത്ത് കുരുവി പറന്നു രക്ഷപ്പെട്ടു. ഇതു കണ്ട പൂച്ച പറഞ്ഞു: ഹേയ്! നീ എവിടെ പോകുന്നു. കുരുവി ചിരിച്ചുകൊണ്ട് പറഞ്ഞു റ്റാറ്റാ മര്യാദക്കാരാ . പൂച്ച സങ്കടത്തോടെ പറഞ്ഞു:ഛേ! അവളുടെ വാക്കുകൾ കേട്ട് ഞാൻ വിഡ്ഢിയായി.

അനശ്വര .എം. കെ
IX B

# മണ്ണാങ്കട്ടയും കരിയിലയും

മണ്ണാങ്കട്ടയും കരിയിലയും ഉറ്റ
ചങ്ങതിമാരായിരുന്നു. ഒരിക്കൽ അവർ കാശിലയിലേക്കു
പുറപ്പെട്ടു. അപ്പോഴാണ് പെട്ടന്ന് ഒരു കാറ്റുവീശിയത്.
കരിയില കാറ്റിൽ പാറിപ്പോ-
കില്ലേ ? എന്തു ചെയ്യും അപ്പോഴാണ് മണ്ണാങ്കട്ട കരിയുടെ
മുകളിൽ കയറി ഇരുന്നു. പതുക്കെ കാറ്റ് നിന്നു, അവർ
യാത്ര
തുടർന്നു. കാർമേഘമെത്തി മഴ വന്നു. മണ്ണാങ്കട്ട നനഞ്ഞു
കു-
തിർന്നു പോവില്ലേ ? എന്തു ചെയ്യും കരിയില
മണ്ണാങ്കട്ടയുടെ
മുകളിൽ കയറിയിരുന്നു. മഴ മാറി അവർ യാത്ര തുടർന്നു.
കാറ്റും മഴയും ഒന്നിച്ചു വന്നു. അപ്പോൾ മണ്ണാങ്കട്ട അലിഞ്ഞു
പോയി. കരിയില പാറിപ്പോയി.

-അനശ്വര എം.കെ

IX-B



**ANUPAMA S.R**

Dear children,

You have the power to change the destiny of your life. You have the power to change your personality. You have the power to mould the entire stream of your life, to give a new direction to your life.

Learn to work with yourself to remove the barriers to your growth. Learn to transform your habits and thus purity and perfect your personality. This is your challenge to transform your own personality. Sit down and observe what you are thinking.

It is the mind that created hell and heaven for you. Heaven is a concept of tranquillity hell is a concept of great distress. You have glorious opportunities to create heaven for yourself. No one has the capacity to make you happy. No one else has the capacity to make you blissful. Your mind is your own.

You can change your personality by utilizing the immense wealth, power and brilliance with in yourself. So please

decide to change yourself. The mother of all problems and conflicts lies with in you.

Expecting too much from others is always a problem. The happiest person is one who has few expectations. Be creative and dynamic. Every action has its reaction. Make an effort truthfully with full of determinations and with all your power, the success will be yours.

When others try to give you their anger or negative feed back why do you accept it? If you have self confidence, you will not accept it. You will know deep inside that you are good. Be careful with your emotions. Learn how to go through the ups and downs of life and still remain balanced.



# ***Smile please!***

***SUSNEHA K K***

There is something in the world which costs nothing but creates enormous effect in all human beings. It is a real medicine and possesses a healing power. The name of this is SMILE. It is beneficial for you and for others. Smile you will be free from strain. You can release your muscles and nerves and you look beautiful. A little smile on your up cheers yours hear, keeps you in good humour, promotes your health and beautifies your face.

The majority of us are unaware of our greatest gift of all God's creatures, man is the only one that can smile. It comes straight from the heart. Smile is a universal language and it is understood by every one irrespective of caste, colour, creed and nationality.

A smile shows how much we care for another. A smile says "I am happy to meet you or like you or I appreciate you". Smile cannot be brought, borrowed or stolen. It is a real gift of god.



# പ്രളയാനന്തരം ഒരു നേർക്കാഴ്ച

ആരും പ്രതീക്ഷികീതെ ആകസ്മികമായി എല്ലാവരെയും ദു:ഖത്തിലേക്ക് നയിച്ച ആ നിമിഷം ഒരാളും മറക്കില്ല. കണ്ണടച്ച് ഇറക്കം മുൻപേ കാലങ്ങളോളം പരിശ്രമിച്ചു പടുത്തുയർത്തിയ പ്രതീക്ഷകളും സ്വപ്നങ്ങളും ആണ് ആവെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയത്. മനുഷ്യസമ്പത്തും പദവി-യും ഒന്നും പ്രകൃതിക്ഷോഭത്തിന് മുന്നിൽ ഒന്നുമലെന്ന് മനസ്സിലാക്കിയ നിമിഷം. സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടി എല്ലാ ദൈവങ്ങളെയും പ്രാർത്ഥിച്ചവർ. ജാതിയോ മതമോ നോക്കാതെ ആളുകൾ പരസ്പരം സാഹായിച്ചും സഹകരിച്ചും കഴിഞ്ഞു. ഒരു നേരത്തെ ആഹാരത്തിനുവേണ്ടി പാത്രവുമായി കാത്തുനിന്ന നിമിഷങ്ങൾ.........

എല്ലാവരും ഒന്നിച്ചു കൈകോർത്തു പിടിച്ചുകൊണ്ട് പ്രളയ-ത്തിൽ നിന്നും ഉയർത്തെഴുന്നേറ്റു. ഇങ്ങനെയുള്ള അവസരങ്ങളിൽ സമ്പ-നനോ ദരിദ്രനോ എന്ന വ്യത്യാസമല്ല. മനുഷ്യന് മനുഷ്യന്റെ വില മനസ്സിലാകുന്നത് ഇങ്ങനെയുള്ള അവസരങ്ങളിലാണ്. മണിമാളികകളിൽ താമസിച്ചവരും കുടിലുകളിൽ താമസിച്ചവരും ഒരുമിച്ചു ക്യാമ്പുകളിൽ കഴിഞ്ഞു. ജീവനുവേണ്ടി മേൽക്കൂരകളിൽ അഭയം തേടിയവരെ സ്വന്തം ജീവൻ പണയപ്പെടുത്തി മാലാഖയെ പോലെ ജീവിതത്തിലേക്ക് വീണ്ടും കൊണ്ടു വന്നു. ഒരു അപകടം വന്നു എന്നറിഞ്ഞപ്പോൾ സ്വന്തം ബോട്ടുകളും തോണികളും എടുത്ത് മത്സ്യത്തൊഴിലലളികൾ നിസ്വാർത്ഥമായി രാപ്പകൽ ജീവനുകൾ രക്ഷിക്കാൻ വേണ്ടി പരക്കം പാഞ്ഞു. അതൊന്നും ഒരിക്കലും മറക്കാൻ പറ്റാത്ത നിമിഷങ്ങളാണ്. കേരളത്തെ ഒന്നടകം ഭീതിയിലാഴ്ത്തിയ ഒരു ഭീകരമായ അനുഭവമാണ് നാം അന്ന് അഭിമുഖീകരിച്ചത്. എല്ലാവരും പരസ്പരം സഹകരിച്ചു കൊണ്ട് അതിനെ നാം മറികടന്നു. ലോകം മുഴുവനും കേരളത്തിന് വേണ്ടി കൂടെ നിന്നു. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് ഇതാണ് നമ്മൾ ഒറ്റക്കെട്ടായി നിന്നാൽ ഏത് സാഹചര്യത്തെയും നമ്മുക്ക് അതിജീവിക്കാൻ കഴിയും.

അഹല്യ.എ

IX A

FATHIMATHUL RANA



# ഭൂമിശാസ്ത്രം


കരിയാടിന്റെ മൊത്തം ചുറ്റളവിൽ മയ്യഴിപ്പുഴയാണ്. മൊത്തം എട്ട് കു-ന്നിൻ പ്രദേശങ്ങളുണ്ട്. കാട്ട് കുന്ന്, ഇട്ടലിൽ കുന്ന്, പ്രഭാവതികുന്ന്, കമ്പ-നികുന്ന്. മൂരിയോട് കുന്ന്, വേട്ടാണി കുന്ന്, ചാമകുന്ന്, വട്ടകുന്ന് എന്നിവ-യാണ് കുന്നുകൾ.

പുളിയനമ്പ്രത്തെ കാവുകളിലേക്കുള്ള പ്രധാന ഉറവ് വേട്ടാ-ണികുന്നിൽ നിന്ന് ഉത്ഭവിക്കുന്നു. മുമ്പ് പ്രദേശത്തിന്റെ വിസ്തൃതിയിൽ 60-70 ശതമാനം ഭാഗം നെൽകൃഷിക്ക് ഉപയുക്തമായിരുന്നു. "വാരം" എന്ന പാട്ടവ്യവസ്ഥനിലനിന്നിരുന്ന കാലമായിരുന്നു ആദ്യ കാലം.

1960 കാലഘട്ടം വരെ കമ്പിനികുന്നിന് കിഴക്ക് ഭാഗത്തുള്ള മോന്താൽ-പടന്നക്കര ഭാഗത്തെ ചതുപ്പുനിലങ്ങളും മയ്യഴിപ്പുഴയോട് ചേർ-ന്ന് നിന്ന വിശാലമായ വയൽപ്രദേശങ്ങളും ഈ പ്രദേശത്തിലെ ധനമാ-യിരുന്നു.


വേട്ടാണികുന്നിൽ നിന്നും പ്രഭാവതികുന്നിൽ നിന്നും ഉത്ഭവി-ക്കുന്ന ചെറുതോടുകൾ വിസ്തൃതി പൂണ്ട് വൻതോടുകളായി രൂപാന്തരപ്പെട്ട് പുഴയോട് യോജിക്കുന്നു. കമ്പനിക്കുന്ന് എറോത്ത് പീടിക പ്രദേശങ്ങൾ മൺതരവൈവിധ്യം വിളിച്ചോതുന്നു. കരിയാട് പ്രദേശത്തിലെ ഏറ്റവും വിസ്തൃതിയും ഉയരവുമുള്ള കുന്നാണ് പുറക്കാട്ട് കുന്ന്. കോഴിക്കോട്ട് ജില്ല-യിൽപ്പെട്ട കച്ചേരി എന്ന സ്ഥലത്തിന്റെയും കരിയാട് പ്രദേശത്തിന്റെയും തെക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന കിടഞ്ഞിയുടെ അതിർത്തി പങ്കുവയ്ക്കുന്ന മാഹിപ്പുഴയിൽ മണപ്പാട് പറമ്പിനോട് ചേർന്ന് 100 മീറ്റർ നീളത്തിലും 21 മീറ്റർ വീതിയിലും കരിങ്കൽ കെട്ട് ഉയർന്ന് നിൽക്കുന്നത് അത്ഭുതകരമായ കാഴ്ച്ചയാണ്.

കരിയാടിനെ സമതലം കുന്നുകൾ,ചെരിവുകൾ,ചെമ്മൾ പ്ര-ദേശങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. മണൽ മണ്ണ്,മണൽ ചേർന്ന ചെളിമണ്ണ്, എക്കൽ മണ്ണ് എന്നിവയാണ് പ്രധാന മണ്ണിനങ്ങൾ. അതു-കൊണ്ടുതന്നെ നെൽകൃഷിക്ക് അനുയോജ്യമാണ്. തോടുകളും,കുളങ്ങളും, മയ്യഴിപ്പുഴയുമാണ് പ്രധാന ജലസ്രോതസുകൾ. ഇവ കൃഷിക്ക് സഹായക-മാവുന്നു. കാർഷികസംസ്കാരത്തിന്റെ വലിയ പാരമ്പര്യം പ്രദേശക്കാർക്ക് ഉണ്ട്. മയ്യഴിപ്പുഴ തീരങ്ങളിലേക്ക് കൊണ്ട് വരുന്ന എക്കൽമണ്ണ് നെൽകൃ-ഷിക്ക് ഏറെ അനുയോജ്യപ്രതമാണ്. വർഷത്തിൽ ഏകദേശം 5-6 തവ-ണ ആവർത്തിച്ചുവരുന്ന മയ്യാഴിപ്പുഴയിലെ വെള്ളപ്പൊക്കം ജൈവഅവശിഷ്ടങ്ങളും,എക്കൽ മണ്ണും പ്രദേശത്തെക്ക് അടിഞ്ഞുകൂടാൻ കാരണമാകുന്നു. അത് കരിയാട് പ്രദേശത്തിന്റെ മണ്ണിന് ഫലഭൂയിഷ്ഠത പ്രദാനം ചെയ്യുന്നും.ഗുണമേന്മയുള്ള എക്കൽ മണ്ണിൽ തഴച്ചുവളരുന്ന നെല്ല് ഒരു ഗ്രാമ-ത്തിന്റെ കാർഷിക സംസ്കാരം വെളിപ്പെടുത്തുന്നു. സമതല പ്രദേശമായതിനാൽ കതിരുനടാനും അനുയേജ്യമായിരുന്നു. സമതലപ്രദേശത്തെ ഇടവഴികളിൽ വളരുന്ന ചേലാണിപൂക്കൾ ഗ്രാമീണ സൗന്ദര്യം വിളിച്ചോ-തുന്നു. കൂടാതെ വാഴ,മരച്ചീനി,മരക്കിഴങ്ങ്,റാഗി,നാളികേരം തുടങ്ങിയവയുടെ കൃഷിയും നടക്കുന്നുണ്ട്. പുറമേ കന്നുകാലിവളർത്തൽ ഉള്ളതിനാൽ കൃഷിക്ക് വേണ്ടി ചാണകം,ഗോമൂത്രം എന്നിവ ലഭ്യമാകാറുണ്ട്. വാരം എന്ന പാട്ടവ്യവസ്ഥ നിലനിന്നിരുന്നതിനാൽ കുടിയന്മാർ ജന്മികൾക്ക് ഓല,നെല്ല് എന്നിവ ഇടങ്ങഴി വച്ച് നൽകേണ്ടതായിവന്നു. വാരം എന്ന പട്ടയവ്യവസ്ഥയ്ക്ക് വൊളിച്ചെഴുത്ത് നൽകിയത് കുടിയന്മാനിയമം അഥവാ ഭൂരിപരിഷ്ക്കരണനിയമം ആണ്.



NANDHANA P





NANDHANA P



# ആമുഖം

അർത്ഥവത്തായ പുതിയ തലമുറയെ സൃഷ്ടിക്കുന്നത് ഒരു ചരിത്രമാണ്.ചരിത്രം രൂപം കൊള്ളുന്നത് ഒരു സംസ്കാരത്തിൽ നിന്നാണ്.ഓരോ സംസ്കാരവും നദീതീരത്തിൽ നിന്ന് ഉത്ഭവിക്കുന്നു.മയ്യഴിപ്പുഴയുടെ തീരങ്ങളിൽ നിന്ന് ഉത്ഭവിച്ച കരിയാടിന്റെ ചരിത്രം ഒരു തീരത്തെ മാത്രമല്ല സമൃദ്ധമാക്കുന്നത്.ഒരു ജനതയുടെ സംസ്കാരത്തെയും ജീവിതത്തേയും ചിന്തകളേയും കൂടിയാണ്.പ്രഭാവതിക്കുന്നും അതിൽനിന്ന് ഉത്ഭവിക്കുന്ന ചെതോട്ടുകളും കൃഷിയെ മാത്രമല്ലവളർത്തിയെടുക്കുന്നത് ഒരു നാടിന്റെ കാർഷിക പാരമ്പര്യത്തെ കൂടിയാണ്. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പെന്നപോലെ സ്വാതന്ത്ര്യലബ്ധിക്ക് ശേഷവും കരിയാടിന്റെ ചരിത്രം കൃഷിയോട് ബന്ധപ്പെടുത്തിയിരിക്കുന്നു.ആ ബന്ധനത്തിൽ ഓരോ ജനതയുടേയും ആത്മവിശ്വാസവും കഠിനാധ്വാനവും കർഷകന്റെ വിയർപ്പിന്റെ ഗന്ധവും ഉൾകൊണ്ട് കിടക്കുന്നു. ഈ ഭൂപ്രകൃതി ഒരു നാടിന്റെ മാത്രമല്ല ഒരുവിശ്വസത്തിന്റേതു കൂടിയാണ്.കരിയാട് എന്ന ഗ്രാമത്തിനെ സ്വതന്ത്ര്യാനന്തര
കാലത്ത് നിലനിൽപ്പിൽ ജീവശ്വാസമായി മുമ്പോട്ടു കൊണ്ടു

പോയ ചാലകശക്തിയുടെ സംരക്ഷണം ഫലഭ്രയ്ഷ്ടമായ മണ്ണെന്ന രീതിയിൽ ഇപ്പോഴും അദൃശ്യഹസ്തമായി നിലകൊള്ളുന്നു.



SIYA K





# സാംസ്കാരിക പാരമ്പര്യം

അടിയാളവർഗ്ഗ കലാരൂപങ്ങൾ അരങ്ങേറിയിരുന്ന കിടഞ്ഞിയിലെ ഒരു സങ്കേതമാണ് അന്നത്തെപ്പോലെ ഇന്നും കൊല്ലാറത്ത് അമ്പലം,മേക്കുന്നിനടുത്തുള്ള കണ്ടോത്ത്ക്ഷേത്രം,എന്നിവ . പടന്നക്കര അങ്ങാടി പറമ്പത്ത് നാഗഭഗവതി ക്ഷേത്രം, പൗരാണികമായ ആരാധനാക്ഷേത്രമാണ്.വളരെ അഭിമാനകരമായഒരു സാംസ്കാരിക പാരമ്പര്യത്തിന്റെ നേർവഴികളാണ് കരിയാട്ടുകാർ . തെയ്യം,തിറ,വേടൻ പാട്ട്, പുള്ളുവൻ പാട്ട് എന്നിവ  പ്രചരിച്ച, ഒരു നിറഞ്ഞ ഭൂതകാലംഇവിടുള്ളവർക് ഉണ്ട്.

ഇരുവഴിനാട് നമ്പ്യാൻമാർ എന്ന പേരിൽ അറിയപ്പടുന്ന ആറ് കുടുമ്പങ്ങളിൽ ഒന്നായ കരിയാട് നമ്പ്യാന്മാരുടെ അധീനതയിൽ ആയിരുന്ന ഗ്രാമം . പഴയ കോട്ടയം താലൂക്കിൽ പെട്ടിരന്ന പാനൂർ,പുത്തൂർ, തൃപ്പങ്ങോട്ടൂർ, പെരിങ്ങളം, കരിയാട്, പന്ന്യ - ന്നൂർ,എന്നീ പ്രദേശങ്ങളെയാണ് ഇരുവഴിനാട് എന്ന പേരിൽ അറിയപ്പെടുന്നത്. ഇരുവഴിനാട് നമ്പ്യാൻ മാരുമായി  ബ്രിട്ടീഷുകർക്കുള്ള ബന്ധം പല ഗുണകരമായ കരാറുകൾക്കും ഏർപ്പെടുന്നതിനും അവരെ

1936 ജൂലായ്മാസത്തിൽ എ.കെ ഗോപാലൻ മദ്രാസിൽ നയിച്ചപട്ടിണി ജാഥയ്ക്ക് ഒരു ദിവസം ഈ ഗ്രാമത്തിൽ സ്വീകരണം നൽകിയിരുന്നു.

1932 സെപ്റ്റംബറിൽ കെ. കേളപ്പൻ നേതൃത്വത്തിൽ ഗുരുവായൂർ ക്ഷേത്രനടയിൽ  നടത്തിയ സത്യാഗ്രഹത്തിൽ ' വന്ദേമാതരം' ഗാനാലാപന ഈ പ്രദേശത്തെ നാരക്കൽ അപ്പുക്കുട്ടൻ അടിയോടിയായിരുന്നു. ഇദ്ധേഹം കരിയാടിൽ നിന്നും അറസ്റ്റ് ചെയ്യപ്പെട്ട ആദ്യ സേനയായിരുന്നു അദ്ധേഹം.

1957-ൽ ജയപേരകാശ് നാരായണൻ ഗാന്ധിസ്മാരക ഗ്രാമസേവാ കേന്ദ്രത്തിന്  പുറക്കാട്ട് കുന്നിൽ ശിലാസ്ഥാവനം നടത്തി. ഈ സന്ദർഭത്തിന്റെ സ്മരണയ്ക്കായ് പള്ളിക്കുനി ട്രാൻസ്ഫോർമാർ റോഡിന് ജയപ്രകാശ് റോഡെന്നും പുറക്കാട്ട് കുന്നിന് അദ്ദേഹത്തിന്റെ പത്നി പ്രഭാവതിയുടെ പേരും നൽകി.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പെന്ന പോലെ സ്വാതന്ത്ര്യലബ്ധിക്ക് ശേഷംവും കരിയാടിന്റെ സാമൂഹ്യ ജീവിതത്തിൽ സ്വാതന്ത്ര്യാനന്തരകാലത്ത് വളരേയേറെ നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു എ . എൻ മമ്മു ഹാജി, എൻ . സി . ടി പത്മനഭൻ നമ്പ്യാർ, ഇ . എ മമ്മദ് ഹാജി തുടങ്ങിയവർ .

സഹായിച്ചു.ഹൈദരാലിയുടെ കാലത്ത് ഇരുവഴിനാട് ചിറക്കൽ രാജയുടെ ഭരണത്തിൽ കീഴിലായിരുന്നു . ഈസ്റ്റ് ഇന്ത്യക്ക് കീഴിലുള്ള ഭരണം തിരിച്ചു കിട്ടിയതോടെ കാലഘട്ടത്തിൻ കരിയാടൻ ദേശം

പിലാക്കാവിൽ നമ്പ്യന്മാരുടേയും ആധിപത്യത്തിൽ ആയി മാറി.കരിയാട് നമ്പ്യാൻമാർക്ക് ഇംഗ്ലീഷുകാർ മാലീഖാൻ എന്ന കപ്പവും വില്ലേജ് മുൻസിഫ് എന്ന അംശം അധികാര സ്ഥാനവും പിലാക്കിൽ നമ്പ്യാന്മാർക്ക് അംശം മേനോൻ സ്ഥാനവും നൽകി ആദരിച്ചു. ഈസ്റ്റ് ഇന്ത്യകമ്പനിയിൽ നിന്നും കരിയാടിന്റെ അധികാരം പകർന്നു കിട്ടിയവരുടെ പിൻ തലമുറക്കാരാണ് പി . ഇ കുഞ്ഞുണ്ണി നമ്പ്യന്മാരും അനുജൻ

പി . ഇ കുഞ്ഞിരാമൻ നമ്പ്യന്മാരും. കരിയാട് ഗ്രാമത്തിന്റെ ദേശീയ പ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സന്ദേശമെത്തുന്നത് പാലൊളി ഇടത്തിൽ തറവാട് വഴിയായിരുന്നു.

അക്കാലങ്ങളിൽ നടന്ന പ്രധാനപ്പെട്ട ദേശീയ സംഭവങ്ങളും സമരങ്ങളും കരിയാട് ഗ്രാത്തിലും ചലന വേഗതനൽകിയിരുന്നു.

SURYA NANDHA



നന്ദി